# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 833 10.02.2016 - ൽ മറുപടിക്ക്

## ശുദ്ധജല വിതരണ പദ്ധതി

**ചോദ്യം**

**ശ്രീ. എം. ഹംസ**

**മറുപടി**

**ശ്രീ.പി ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) നിലവില്ലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്;

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്ന ശേഷം NRDWP 2013 കരിമ്പുഴ ശുദ്ധജല വിതരണപദ്ധതിയിലെ പഴയതും കേടുവന്നതുമായ എ.സി.പൈപ്പുകൾ മാറ്റി ഡി.ഐ.പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 8.33 കി.മീ., 480 ലക്ഷം രൂപയുടേയും, കരിമ്പുഴ 1,2 വില്ലേജിലെ ബാക്കി വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 74.20 കി.മീ.-500 ലക്ഷം രൂപയുടേയും എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എത്ര കി. മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുവാനാണ് തീരുമാനിച്ചിരുന്നത്; എത്ര പാക്കേജുകളിലായാണ് പൂർത്തിയാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;എത്ര കണക്ഷനുകൾ നൽകി;

(ബി) വിതരണശൃംഖലയുടെ പ്രവൃത്തികൾ 4 പാക്കേജുകളായിട്ടാണ് പൂർത്തീകരിച്ചത്.

(എ) മേഖല 1 ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 110 എം.എം. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കൽ -17.44 കി.മീ.,

(ബി) മേഖല 2 ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 140 എം.എം. വരെ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കൽ - 6.70 കി.മീ.,

(സി) പഴകിയതും കേടുവന്നതുമായ എ.സി.പൈപ്പ് മാറ്റി ഡി.ഐ. പൈപ്പാക്കി സ്ഥാപിക്കുന്ന പ്രവൃത്തി 200 എം.എം. മുതൽ 300 എം.എം. വരെ വ്യാസമുള്ള ഡി.ഐ.പൈപ്പ് സ്ഥാപിക്കൽ - 8.38 കി.മീ.,

(ഡി) മേഖല 1& 2 ലേക്കുള്ള ബാക്കി വിതരണശൃംഖലയിലേക്കുള്ള പ്രവൃത്തി - 140 എം.എം. മുതൽ 90 എം.എം.വരെ വ്യാസമുള്ള പി.വി.സി.പൈപ്പ് സ്ഥാപിക്കൽ - 74.20 കി.മീ.

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി 12/01/2016 ന് കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനത്തിനു മുമ്പായി നടത്തിയ കണക്ഷൻ മേളയോടനുബന്ധിച്ച് 1061 കണക്ഷനുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; എത്ര പാക്കേജുകൾ പൂർത്തീകരിച്ചു; എത്ര കണക്ഷനുകൾ നല്കി; എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കും; വിശദാംശം ലഭ്യമാക്കാമോ?

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിക്കായി നബാർഡിന്റെ ധനസഹായത്തോടെ 3124.11 ലക്ഷം രൂപയുടെ ഭരണാനുമതിയും ബാക്കി വിതരണശൃംഖല സ്ഥാപിക്കുന്നതിന് NRDWP ധനസഹായത്തോടെ 800 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചു.

നബാർഡിൽ ഉൾപ്പെടുത്തിയ 4 പാക്കേജുകളും NRDWP-ൽ ഉൾപ്പെടുത്തിയ ഒരു പാക്കേജു മായിട്ടാണ് പദ്ധതി പൂർത്തീകരിച്ചത്. എല്ലാ പണികളും പൂർത്തീകരിച്ച് 12/01/2016 ന് പദ്ധതി കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനത്തിനു മുമ്പായി നടത്തിയ കണക്ഷൻ മേളയിൽ 2347 കണക്ഷനുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 142000 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് മേൽപടി പദ്ധതി പൂർത്തിയാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ